


# ജനാധിപത്യവും ദേശീയതയും സി.പി.എമ്മും

ലേഖനം ● സി.കെ.എ ജബ്ബാർ

**മോസ്കോവിലെ** കമ്യൂണിസ്റ്റ് ഭരണകൂടത്തിൽനിന്ന് സാരഥ്യവും കർമരേഖയും ആവാഹിച്ച് ഇന്ത്യൻ വ്യവസ്ഥയെ മാറ്റിമറിക്കാൻ പാമീർ ചുരത്തിലൂടെ നുഴഞ്ഞു കയറി 'ചിത്രാൾ' എന്ന ഇന്ത്യൻ ഗ്രാമത്തിൽനിന്ന് പോലീസിന്റെ പിടിയിലായതാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇന്ത്യയിലെ ആദിമ ചരിത്രം. നുഴഞ്ഞു കയറ്റത്തിന്റെ ഈ സ്വന്തം പൈതൃകം മറന്നാണ് ഇപ്പോൾ ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയോടും ദേശീയതയോടുമുള്ള ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാടിനെക്കുറിച്ച് സി.പി.എം. നേതൃത്വം ഗവേഷണം നടത്തി കൊണ്ടിരിക്കുന്നത്.

ഇന്ത്യയിലെ ആദ്യത്തെ കമ്യൂണിസ്റ്റ് പാർട്ടി കമ്മിറ്റി രൂപവത്കരിക്കാൻ മുൻകൈ എടുത്ത എം.എൻ റോയ് മെക്സിക്കൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയായിരുന്നു. മെക്സിക്കൻ കമ്യൂണിസ്റ്റ് പാർട്ടിയെ പ്രതിനിധീകരിച്ചാണ് കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ രണ്ടാം കോൺഗ്രസ്സിൽ അദ്ദേഹം പങ്കെടുത്തത്. അതിനു ശേഷം താഷ്കണ്ടിൽ നിന്ന് 1920 ഒക്ടോബർ 17-ന് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ കമ്മിറ്റിക്ക് രൂപം നൽകിയപ്പോൾ, ഇവിടെ കമ്യൂണിസ്റ്റ് ആശയക്കാരേ ഇല്ലായിരുന്നു. അതിനാൽ, സ്വന്തം ഭാര്യ എവ്‌ലിൻ റോയ് ഉൾപ്പെട്ട ഒരു കമ്മിറ്റിയാണ് എം.എൻ റോയ് അന്ന് തെരഞ്ഞെടുത്തത്. ഇന്ത്യയിലേക്ക് സിദ്ധാന്തം വിപണനം ചെയ്യാൻ തുർക്കിസ്താൻ ബ്യൂറോയുടെ കീഴിലെ ഒരു കമ്പാർട്ട്മെന്റ് മാത്രമായി ഈ കമ്മിറ്റി പ്രവർത്തിച്ചു. താഷ്കന്റിൽ രൂപം കൊണ്ട കമ്മിറ്റി നിലവിൽ വന്ന് 23 വർഷത്തിന് ശേഷമാണ് (1943ൽ) ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ കോൺഗ്രസ് ഇവിടെ ചേരാനായുള്ളൂ. എന്നിട്ടും പ്രസ്ഥാനത്തിന്റെ ഇന്ത്യയിലെ ഒളിവുകാലത്തിന് അറുതി വന്നിരുന്നില്ല.

പിറവി തൊട്ട് ഒളിപ്രവർത്തനത്തിലൂടെയും നുഴഞ്ഞുകയറ്റത്തിലൂടെയുമാണ് കമ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിൽ വളർന്നത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം സോവിയറ്റ് യൂനിയനിലും ഇതര ഭാഗങ്ങളിലും പ്രവർത്തിക്കുന്ന ഇന്ത്യക്കാർക്കിടയിൽ പ്രചാരണം നടത്താൻ പ്രസിദ്ധീകരിച്ച 'വാൻ ഗാർഡ്' ഇന്ത്യയിലേക്ക് പിന്നീട് കടന്നുവന്നത് അതീവ രഹസ്യമായാണ്. പിന്നീട് സോവിയറ്റ് യൂനിയനിൽ നിന്ന് കമ്യൂണിസ്റ്റായി തീർന്നവരിൽ ചിലർ ഇന്ത്യയിലേക്ക് മടങ്ങിയത് പോലും പലവഴികളിലൂടെ രഹസ്യമായാണ്. പാമീർ ചുരം കടന്ന് വന്നവർ പോലീസിന്റെ പിടിയിലാവുകയും പെഷവാർ കോടതിയിലെത്തുകയും ചെയ്തു. 20കളോടെ പ്രധാന നഗരങ്ങളിൽ കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ പ്രത്യക്ഷപ്പെട്ടു. അപ്പോഴും ഇന്ത്യൻനാഷണൽ കോൺഗ്രസ്സിൽ ചേർന്ന് പ്രവർത്തിക്കാനാണ് നിർദേശമുണ്ടായത്. ജർമനിയിലെയും ഇറ്റലിയിലെയും ഫാഷിസത്തിനെതിരായ സമരമാണോ, സാമ്രാജ്യത്വത്തിനെതിരായ യുദ്ധമാണോ എന്തിലാണ് കേന്ദ്രീകരിക്കേണ്ടതെന്ന തർക്കം അന്നുണ്ടായപ്പോൾ ഇന്ത്യൻ കമ്യൂണിസ്റ്റുകൾ കോൺഗ്രസിനകത്ത് ചേർന്ന് സാമ്രാജ്യത്വ വിരുദ്ധ ചേരിയിൽ അണിചേരാൻ അവലംബിച്ചതു പോലും ബ്രിട്ടീഷുകാരുടെ നിർദേശപ്രകാരമായിരുന്നു. ബ്രിട്ടീഷുകാരായ ബെൻബ്രാഡ്ലിയും രജനി പാംദത്തും തയാറാക്കിയ ഇന്ത്യയിലെ കമ്യൂണിസ്റ്റുകൾക്ക് അയച്ചു കൊടുത്ത രേഖയിലാണ് കോൺഗ്രസ്സിനകത്ത് ചേരാനുള്ള നിർദേശം ഉണ്ടായിരുന്നത് (ഇന്ത്യൻ വിപ്ലവപ്രസ്ഥാനം വിവിധ കൈവഴികൾ – സി. ഭാസ്കരൻ –പേജ് 20).

കമ്യൂണിസ്റ്റ് ഇന്റർനാഷനലാണ് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് കമ്മിറ്റികളെ നയിക്കുന്നതിനുള്ള കർമരേഖ നൽകിയിരുന്നതെന്നത് ചരിത്ര സത്യമാണ്. മാർഗനിർദേശങ്ങളിൽ വിദേശ പാർട്ടികളുമായി നാഭീനാള ബന്ധമുള്ള പ്രസ്ഥാനമാണ് കമ്യൂണിസ്റ്റ് പാർട്ടി. ചൈനയിലെയും ക്യൂബയിലെയും സഖാക്കളുമായി ഇന്ത്യൻ നേതാക്കൾ ഇന്നും ആശയവിനിമയം നടത്തുന്നു. പാർട്ടി കോൺഗ്രസ്സുകളിൽ അങ്ങോട്ടും ഇങ്ങോട്ടും സൗഹാർദ പ്രതിനിധികൾ പങ്കെടുക്കുന്നു.

## നയങ്ങൾ മോസ്കോവിൽനിന്ന്

മുൻകാലങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടി നയനിലപാടുകൾ എടുത്തിരുന്നത് എങ്ങനെയെന്ന് ഇ.എം.എസ് നമ്പൂതിരിപ്പാട് തന്നെ വിവരിക്കുന്നുണ്ട്. ഇന്ത്യൻ ബൂർഷ്വാസിയെ നിർവചിക്കാനുള്ള വല്ലാത്ത പ്രയാസമാണ് കമ്യൂണിസ്റ്റുകൾ അനുഭവിച്ചതെന്ന് ചൂണ്ടികാണിക്കുന്ന ഇ.എം.എസ് നേതാക്കളെ പരസ്പരം അവിശ്വസിച്ച കാലയളവായിരുന്നു അതെന്ന് വിലയിരുത്തുന്നു.

"…. രണ്ടാം കോൺഗ്രസ് കഴിഞ്ഞ് മൂന്ന് വർഷം തികയുന്നതിന് മുമ്പ് മൂന്ന് പേർ ജനറൽ സെക്രട്ടറി സ്ഥാനത്ത് അവരോധിക്കപ്പെട്ടിരുന്നു. ഇത്ര ചുരുങ്ങിയ കാലത്ത് ഇത്രയേറെ നേതൃമാറ്റം അതിന് മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. ഇതൊക്കെയായിട്ടും പാർട്ടിക്കുള്ളിലെ ആശയക്കുഴപ്പം തുടരുകയായിരുന്നു. താൽകാലിക പരിതഃസ്ഥിതിയെക്കുറിച്ച് മാത്രമല്ല, ഇന്ത്യൻ വിപ്ലവം സംബന്ധിച്ച മൗലിക കാഴ്ചപ്പാടിന്റെ കാര്യത്തിലും ഗൗരവാഹമായ അഭിപ്രായഭേദങ്ങൾ ഉണ്ടായിരുന്നു. അവ ഇവിടത്തെ സഖാക്കൾക്കിടയിൽ ചർച്ച ചെയ്താൽ പരിഹരിക്കപ്പെടുകയില്ലെന്ന് എല്ലാവർക്കും ബോധ്യമായി. അതുകൊണ്ട് ആശയക്കുഴപ്പം പരിഹരിക്കുന്നതിന് സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ സഹായം തേടി. ചർച്ചകൾക്കായി ഇന്ത്യൻ പാർട്ടിയുടെ ഒരു പ്രതിനിധി സംഘത്തെ സോവിയറ്റ് പാർട്ടി മോസ്കോവിലേക്ക് ക്ഷണിച്ചു. അജയ്ഘോഷ്, എസ്.എ ഡാങ്കെ, ബസവപുന്നയ്യ, രാജേശ്വരറാവു എന്നിവരായിരുന്നു ഇന്ത്യൻ പാർട്ടിയുടെ പ്രതിനിധികൾ. അവരും സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് പാർട്ടിയുടെ ഒരു പ്രതിനിധി സംഘവും തമ്മിൽ സവിസ്തരമായ ചർച്ച നടന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ വിപ്ലവം സംബന്ധിച്ച മൗലിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രണ്ട് രേഖകൾ തയാറാക്കപ്പെട്ടു. അതായത് പാർട്ടി പരിപാടിയും നയപ്രഖ്യാപന രേഖയും…." (സോഷ്യലിസത്തിലേക്കുള്ള ഇന്ത്യൻപാത –ഇ.എം.എസ് നമ്പൂതിരിപ്പാട്).

എന്നാൽ, സോവിയറ്റ് നേതാക്കൾ ഈ രേഖകൾ കൈമാറുമ്പോൾ അൽപം യാഥാർഥ്യബോധം പുലർത്തിയിരുന്നു. അതായത് ഇന്ത്യയുടെ സാഹചര്യം റഷ്യയിലിരുന്ന് ഞങ്ങൾക്ക് കാണാനാവില്ല, അതിനാൽ ഈ രേഖ നിങ്ങൾ അപ്പടി വിഴുങ്ങരുത്, അവിടെ ചെന്ന് നാട്ടിലെ സഖാക്കളുമായി ചർച്ച ചെയ്ത ശേഷം സ്വീകരിച്ചാൽ മതി എന്ന് സോവിയറ്റ് നേതൃത്വം ഇന്ത്യൻ നേതാക്കളെ ഉപദേശിച്ചു. മോസ്കോ രേഖ ചർച്ച ചെയ്യാൻ രഹസ്യമായാണ് ഇവിടെ പ്രത്യേക പ്ലീനം ചേർന്നത്. പ്ലീനം ചേർന്നപ്പോൾ സോവിയറ്റ് നേതാക്കളുടെ വേവലാതിയൊന്നും പ്രകടമായില്ല. ചില്ലറ

ഭേദഗതികളോടെ മോസ്കോ രേഖ അപ്പടി അംഗീകരിക്കുകയായിരുന്നു. 'പാർട്ടിയുടെ ചരിത്രത്തിലെ ആദ്യത്തെ നയരേഖയായാണ് ഇത് ഇന്നും വിശേഷിപ്പിക്കപ്പെടുന്നത്' എന്ന് ഇ.എം.എസ് എഴുതുന്നു.

## സാർവദേശീയത എന്നാൽ എന്താണ്?

'....ദേശാഭിമാനത്തെ സാർവദേശീയതയുമായി നാം കൂട്ടിയിണക്കുന്നു' എന്ന് സി.പി.എമ്മിന്റെ പാർട്ടി പരിപാടിയിൽ പറയുന്നു (അധ്യായം എട്ട് ഖണ്ഡിക ഏഴ്). ഇന്ത്യയുടെ ദേശീയമായ അസ്തിത്വത്തെ പാർട്ടി പരിപാടിയിൽ 'ബൂർഷ്വാ ദേശീയത', 'സങ്കുചിത ദേശീയവാദം' (അധ്യായം എട്ട്, ഖണ്ഡിക മൂന്ന്) എന്നിങ്ങനെ വിശേഷിപ്പിച്ച് വിശകലനം ചെയ്യുന്നത് ദേശീയതയോടുള്ള അനാദരവ് കൊണ്ടാണെന്ന് തീവ്രദേശീയ വാദികൾക്ക് വ്യാഖ്യാനിക്കാം. സാർവദേശീയതയെ ഉൾക്കൊള്ളുക മാത്രമല്ല, അതിന്റെ ആശയപരവും സാമ്പത്തികവും ഭരണപരവുമായ എല്ലാ സൗകര്യങ്ങളും സ്വീകരിക്കുന്നവരാണ് കമ്യൂണിസ്റ്റുകൾ. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അങ്ങനെ ഒരു സാർവദേശീയ പ്രസ്ഥാനത്തിൽനിന്ന് പണമോ ആശയമോ ആൾബലമോ സ്വീകരിക്കുന്നില്ല. മാത്രമല്ല ഇസ്‌ലാമിക സാർവദേശീയതയിൽ നിറഞ്ഞുനിൽക്കുന്ന പണ്ഡിത വ്യക്തിത്വങ്ങൾക്ക് പോലും ഇസ്‌ലാമിക സമ്മേളനങ്ങളിൽ ഇന്ത്യയിലേക്ക് വരാനുള്ള അനുവാദം പോലും നിഷേധിക്കപ്പെടുമ്പോൾ സാർവദേശീയ പ്രസ്ഥാനങ്ങളിലൊന്നെന്ന നിലയിൽ ഒരിക്കൽ പോലും കമ്യൂണിസ്റ്റുകൾ ഈ അനീതിക്കെതിരെ ശബ്ദിച്ചിട്ടില്ല. സാർവദേശീയതയെ അംഗീകരിക്കുന്നവർ കമ്യൂണിസ്റ്റുകളല്ലാത്തവരാണെങ്കിൽ അത് ദേശവിരുദ്ധമാണെന്ന സങ്കുചിത ചിന്തയാണ് അവർ പുലർത്തുന്നത്.

1943-ൽ കമ്യൂണിസ്റ്റ് ഇന്റർനാഷണൽ പിരിച്ചുവിട്ട ശേഷം ഇനി പ്രത്യേക കേന്ദ്രത്തിൽ ഇരുന്ന് കൊണ്ട് ലോക കമ്യൂണിസ്റ്റ് പാർട്ടികളെ നിയന്ത്രിക്കാൻ കഴിയാത്ത പരിതസ്ഥിതിയാണുള്ളതെന്ന് വിശദീകരിച്ചിരുന്നു. എന്നാൽ, കമ്യൂണിസം എന്ന ആത്യന്തിക ലക്ഷ്യം നേടിയെടുക്കുക എന്ന പൊതുവായ സമീപനത്തോടെ അവയെല്ലാം സാർവദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്നും തുടരേണ്ടിവരുന്നുവെന്ന് (പാർട്ടി ക്ലാസിനുള്ള കുറിപ്പുകളിൽ ഹർകിഷൻ സിംഗ് സുർജിത് 2002 ജൂലൈ 25-30) സി.പി.എം നേതൃത്വം അണികളെ ഇപ്പോഴും പഠിപ്പിക്കുന്നുണ്ട്. പാർട്ടിപരിപാടിയിൽ സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തെ വിവരിക്കുമ്പോഴും '....തൊഴിലാളി വർഗ സാർവദേശീയത ഉയർത്തിപ്പിടിച്ചും, ലോകത്തെങ്ങുമുള്ള കമ്യൂണിസ്റ്റ് ശക്തികളുമായി ഉദ്ദേശലക്ഷ്യത്തിലും പ്രവർത്തനത്തിലും ഐക്യം ഊട്ടിയുണ്ടാക്കി കൊണ്ടും....' (അധ്യായം എട്ട്, ഖണ്ഡിക എട്ട്) മുന്നേറണമെന്ന് സി.പി.എം ആഹ്വാനം ചെയ്യുന്നു.

## ഇത് 'ബൂർഷ്വാ ജനാധിപത്യം'!

ഇന്ത്യയിലെ നിലവിലെ ജനാധിപത്യക്രമത്തെ അതേപടി കമ്യൂണിസ്റ്റ് പാർട്ടി അംഗീകരിക്കുന്നില്ല എന്നതിന് പാർട്ടിയുടെ ഇന്നേവരെയുള്ള ചരിത്രം പരിശോധിക്കാവുന്നതാണ്. അത്രത്തോളം മെനക്കെടേണ്ടതില്ലാത്ത ഒരു ലളിത ചോദ്യവും ഇതോടൊപ്പം ഉയർന്നുവരും. തൊഴിലാളിവർഗ സർവാധിപത്യം നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു പാർട്ടി നിലവിലെ ജനാധിപത്യ സംവിധാനത്തിൽ പൂർണ സംതൃപ്തരായാൽ അത് തൊഴിലാളിവർഗ പ്രസ്ഥാനമാകുമോ? ഇല്ല എന്നാണ് ശരാശരി കമ്യൂണിസ്റ്റിന്റെ മറുപടി. അപ്പോൾ കാര്യം വ്യക്തമാണ്. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയോടുള്ള കാഴ്ചപ്പാട് തീവ്രമാണ്. അത് ഉപയോഗിക്കുന്നത് പോലും അതിനെ സ്നേഹപൂർവം അട്ടിമറിക്കാൻ വേണ്ടിയാകുന്നു!

എന്താണ് ഇന്ത്യൻ ജനാധിപത്യത്തോടുള്ള കമ്യൂണിസ്റ്റുകളുടെ നിലപാടെന്ന് 'സോഷ്യലിസത്തിലേക്കുള്ള ഇന്ത്യൻപാത' എന്ന പുസ്തകത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് പറയുന്നുണ്ട്. അതിങ്ങനെ വായിക്കാം: "ബൂർഷ്വാ ജനാധിപത്യവും തൊഴിലാളി വർഗ സർവാധിപത്യവും സംബന്ധിച്ച് സുപ്രസിദ്ധമായ ഒരു വിവാദം ലെനിനും കൗത്സ്കിയും തമ്മിൽ നടക്കുകയുണ്ടായി. പാർലമെന്ററി ജനാധിപത്യമെന്ന പേരിൽ ബൂർഷ്വാസിയുടെ സർവാധിപത്യമാണ് സ്ഥാപിച്ചിരിക്കുന്നതെന്നും, നേരെ മറിച്ച് തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൽ ബഹുഭൂരിപക്ഷത്തിന് യഥാർഥ ജനാധിപത്യം സ്ഥാപിക്കാനാണ് മാർക്സിസ്റ്റുകാർ ശ്രമിക്കുന്നതെന്നും ലെനിൻ ചൂണ്ടികാണിച്ചു. കൗത്സ്കിയാകട്ടെ ജനാധിപത്യത്തിന് വർഗസ്വഭാവമില്ല എന്നും, എല്ലാവർക്കും ഒരു പോലെ ജനാധിപത്യാവകാശങ്ങൾ അനുവദിക്കുന്ന വ്യവസ്ഥയാണ് വേണ്ടതെന്നും വാദിച്ചു. ലെനിനിസ്റ്റ് കാഴ്ചപ്പാട് അനുസരിച്ചുള്ള ബൂർഷ്വാ ജനാധിപത്യമാണ് ഇന്ത്യയിൽ ആവിഷ്കരിച്ചിട്ടുള്ളത്. അത് ഫലത്തിൽ ബൂർ

ഷ്വാ സർവാധിപത്യമാണ്. അതിനെതിരെ പോരാടുന്നത് ഇന്ത്യയിലെ മാർക്സിസ്റ്റുകാരുടെ കടമയാണ് എന്ന് പാർട്ടി പരിപാടി വ്യക്തമാക്കി...." –എന്താണ് ഇന്ത്യയിൽ കമ്യൂണിസ്റ്റിന്റെ യഥാർഥ ദൗത്യമെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

## ക്വിറ്റ് ഇന്ത്യാ സമരവും കമ്യൂണിസ്റ്റുകാരും

ഇന്ത്യയിലെ കമ്യൂണിസ്റ്റുകളുടെ 'വിപ്ലവകരമായ പ്രതിപക്ഷ രാഷ്ട്രീയം' തുടങ്ങുന്നത് തന്നെ സ്വാതന്ത്ര്യസമരത്തിന്റെ ആത്യന്തികമായ കാഴ്ചപ്പാടുകളെ തള്ളിപ്പറഞ്ഞുകൊണ്ടായിരുന്നു. സോഷ്യലിസത്തിലേക്കുള്ള ഇന്ത്യൻപാതയിൽ 'ബദൽ രാഷ്ട്രീയ ശക്തി' എന്ന അധ്യായത്തിൽ ഇ.എം.എസ് ഈ വിഷയം വ്യക്തതയോടെ എഴുതി: "......1943–ൽ ഒന്നാം കോൺഗ്രസ് കൂടിയപ്പോഴേക്ക് തന്നെ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വഭാവത്തിൽ പ്രധാനമായ മാറ്റം വന്നിരുന്നു. അതേവരെ കോൺഗ്രസ്സിനകത്ത് പ്രവർത്തിക്കുന്ന ഒരു ഇടതുപക്ഷ ശക്തിയായിരുന്ന പാർട്ടി ഒരു സ്വതന്ത്ര രാഷ്ട്രീയ ശക്തിയായി വളരാൻ തുടങ്ങിയിരുന്നു. 1942 ആഗസ്റ്റിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തുടങ്ങിയ ക്വിറ്റ് ഇന്ത്യാ സമരത്തെ പരസ്യമായി എതിർക്കുന്ന ഒരു ഇടതുപക്ഷ പാർട്ടിയായാണ് ഒന്നാം കോൺഗ്രസ്സിൽ കമ്യൂണിസ്റ്റുകാർ രംഗത്ത് വന്നത്..."

1942–ലെ ഈ അനുഭവം 1991–ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നമ്പൂതിരിപ്പാട് വിവരിക്കുമ്പോൾ പോലും ക്വിറ്റ് ഇന്ത്യാ സമരത്തെ 'കോൺഗ്രസ് സമരം' എന്ന നിലയിൽ രാഷ്ട്രീയമായി തരംതാഴ്ത്താനാണ് ശ്രമിച്ചത്. സ്വാതന്ത്ര്യ സമര പ്രസ്ഥാനമെന്ന നിലയിൽ ഉയർത്തിപ്പിടിച്ച വലിയൊരു മുദ്രാവാക്യമായിരുന്നിട്ടു പോലും 'ക്വിറ്റ് ഇന്ത്യാ' സമരത്തെ രാഷ്ട്രീയമായി താഴ്ത്തികെട്ടുന്നത് ഒരുതരം രാഷ്ട്രീയ തീവ്രവാദമായേ കാണാനാവൂ.

## ജനകീയജനാധിപത്യമെന്ന പുറംതൊലി

റോയിപക്ഷം, ഡാങ്കെയിസം, സെക്ടേറിയനിസം, റിവിഷനിസം, നക്സലിസം, മാവോയിസം എന്നിങ്ങനെ ഒടുങ്ങാത്ത ശാപവചസ്സുകൾ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കൂടെയുണ്ട്. പഴയ കഥ പലതും പുതിയ സഖാക്കൾക്ക് കേൾക്കാനിഷ്ടമില്ലാത്തതുമാണ്. ഇപ്പോൾ പഴയ പാർട്ടിയല്ല ഇതെന്നും പറയുന്നവരുണ്ട്. അവരെല്ലാം നമ്മോട് ക്ഷമിക്കണം.കാരണം, വിപ്ലവപ്രസ്ഥാനത്തിന് ചരിത്രം അനിവാര്യ ഘടകമായതുകൊണ്ട് ഇതൊന്നും ഓർമിപ്പിക്കാതെ പറഞ്ഞു തുടങ്ങാനാവില്ലല്ലോ. 1964–ലെ ഭിന്നിപ്പിന് ശേഷം പഴയതെല്ലാം പ്രേതമായിരുന്നുവെന്നും ഇപ്പോഴുള്ളതിനാണ് യഥാർഥ ജീവനുള്ളതെന്നും ഇവർ വാദിക്കുന്നു. ആശയത്തിന്റെ വഴിതെറ്റിപ്പിരിയലിൽ എം.എൻ റോയ് മുതൽ രണദിവെ തൊട്ട് ഡാങ്കെ വരെയുള്ള പ്രമുഖരുടെ നിരയുണ്ടാവും.ഈ പട്ടിക ചൂണ്ടികാട്ടി ഇപ്പോഴെല്ലാം ശുഭകരം എന്നും പറയും. പക്ഷേ, ജനകീയ ജനാധിപത്യ വിപ്ലവം എന്ന് സി.പി.എമ്മും, ദേശീയജനാധിപത്യ വിപ്ലവം എന്ന് സി.പി.ഐയും പേര് വിളിച്ച വിപ്ലവ സൂക്തികൾ വർത്തമാനത്തിലും പഴയതിനെക്കാൾ കൂടുതലായി മെച്ചപ്പെടുന്നില്ല.

സി.പി.എം കേന്ദ്ര കമ്മിറ്റി 2002 ജൂലൈ 25 മുതൽ 30 വരെ ദില്ലിയിൽ നടത്തിയ പാർട്ടി സ്കൂളിലേക്ക് ഹർകിഷൻസിംഗ് സുർജിത് തയാറാക്കിയ പഠന കുറിപ്പിൽ വിപ്ലവ നിഘണ്ടുവിലെ ചില പദാവലികൾക്ക് നൽകിയ നിർവചനം ജനാധിപത്യ വ്യവസ്ഥയെ എങ്ങനെയാണ് ഇവർ മാമോദീസ മുക്കി ശുദ്ധീകരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. തൊഴിലാളിവർഗ സർവാധിപത്യമെന്നാൽ ഭരണകൂടത്തിന് മേൽ ബൂർഷ്വാസിക്കുള്ള മേധാവിത്വത്തിന് പകരം ഭരണകൂടത്തിന് മേൽ തൊഴിലാളി വർഗത്തിന്റെ നേതൃത്വം സ്ഥാപിക്കുക എന്നാണ് അർഥമെന്ന് പഠനക്കുറിപ്പിൽ പറയുന്നു. കൂടുതൽ തെളിമയോടെ പാർട്ടി ഭരണഘടന തന്നെ സി.പി.എമ്മിന്റെ ലക്ഷ്യം വിവരിക്കുന്നത് ഇങ്ങനെയാണ്: ".....തൊഴിലാളിവർഗ സർവാധിപത്യഭരണകൂടം സ്ഥാപിക്കുന്നതിലൂടെ സോഷ്യലിസവും കമ്യൂണിസവും കൈവരുത്തുകയാണ് പാർട്ടിയുടെ ലക്ഷ്യം."

രാജ്യത്ത് നിലനിൽക്കുന്ന ജനാധിപത്യം ചീട്ട് കൊട്ടാരം പോലെ തകരുമെന്നാണ് പാർട്ടി പരിപാടിയിലെ ഇത് സംബന്ധിച്ച പരാമർശം. ".....ഇന്നത്തെ കാലഘട്ടത്തിൽ തൊഴിലാളി വർഗ ജനാധിപത്യവിപ്ലവത്തിന് നേതൃത്വം നൽകേണ്ടിയിരിക്കുന്നു. ഇത് പഴയ രീതിയിലുള്ള ബൂർഷ്വാ ജനാധിപത്യമല്ല. മറിച്ച് തൊഴിലാളിവർഗം സംഘടിക്കുന്നതും അവർ തന്നെ നയിക്കുന്നതുമായ പുതിയ രീതിയിലുള്ള ജനകീയ ജനാധിപത്യ വിപ്ലവമാണ്....." (പാർട്ടി പരിപാടി അധ്യായം ഏഴ്, ഖണ്ഡിക രണ്ട്). സി.പി.എമ്മിന് ഇത് ഇവിടെ പറയാൻ അവകാശമുള്ളതു പോലെ തന്നെ ഈ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥയെ ദൈവിക നിയമത്തിനനുസൃതമായ ജനാധിപത്യ ധാർമിക വ്യവസ്ഥയാ

ക്കാൻ ശ്രമിക്കുമെന്ന് ഇസ്‌ലാമിക പ്രസ്ഥാനത്തിനും പറയാൻ അവകാശമുണ്ട്.

സി.പി.എം പരിപാടിയുടെ അഞ്ചാം അധ്യായത്തിലെ ഒമ്പതാം ഖണ്ഡികയിൽ രാജ്യത്തെ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന നീതിനിഷേധവും ചൂഷണവും പീഡനവും പിന്നാക്കാവസ്ഥയും എടുത്ത് പറയുന്നുണ്ട്. രാജ്യത്തിന്റെ ജനാധിപത്യവും മതനിരപേക്ഷതയും ശക്തിപ്പെടുത്തുന്നതിനുള്ള സമരത്തിന്റെ മർമപ്രധാനമായ വശമാണ് ന്യൂനപക്ഷാവകാശങ്ങളുടെ പരിരക്ഷയെന്നും പാർട്ടി പരിപാടി വിശേഷിപ്പിക്കുന്നു. ജനാധിപത്യത്തിന്റെ ശക്തി ന്യൂനപക്ഷാവകാശങ്ങൾ വകവെച്ചു നൽകപ്പെടുമ്പോഴാണെന്ന് പറയുമ്പോൾ, അതിനു വേണ്ടി ശബ്ദിക്കുന്നത് വർഗീയതയാവുന്നത് എങ്ങനെയാണെന്ന് പാർട്ടി നേതൃത്വം വിശദീകരിക്കേണ്ടതുണ്ട്. കമ്യൂണിസ്റ്റ് പാർട്ടി സാമുദായിക വിഷയം കൈയാളുമ്പോൾ അത് മതനിരപേക്ഷ നിലപാടും അതേ കാര്യം മതവിശ്വാസികൾ ഏറ്റു പറയുമ്പോൾ വർഗീയതയും ആവുന്നത് രാഷ്ട്രീയത്തിലെ ഏകാധിപത്യമാണ്. ഞങ്ങൾ പറയുന്നത് നിങ്ങൾ പറയരുത് എന്ന ഫാഷിസ്റ്റ് മനസ്സാണിത്.

## ലക്ഷ്യം മാർഗത്തെ ന്യായീകരിക്കുമ്പോൾ

ലക്ഷ്യം മാർഗത്തെ ന്യായീകരിക്കുന്നുവെന്ന പരാമർശം, എന്തും ചെയ്യാനുള്ള ന്യായീകരണമായി കമ്യൂണിസ്റ്റ് ചർച്ചകളിൽ കടന്നുവരാറുണ്ട്. 'അടവുനയം' കമ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാ വിധ ജാള്യതകളെയും മൂടിപ്പുതക്കാനുള്ള ഉപകരണമാണെപ്പോഴും. നയവും നിലപാടും സിദ്ധാന്തവും മുന്നിൽ വെച്ച് നയത്തിനും സിദ്ധാന്തത്തിനും നിലപാടിനും യോജിക്കാത്തത് ചെയ്യുന്നതിനെയാണ് 'അടവുനയം' എന്ന് പറയാറ്. പുതിയ പാർട്ടി പരിപാടിയുടെ ഏഴാം അധ്യായത്തിൽ പതിനേഴാം ഖണ്ഡിക ഈ കാപട്യത്തെ സിദ്ധാന്തവത്കരിക്കുന്നതിങ്ങനെയാണ്:

"..... ദ്രുതഗതിയിൽ മാറികൊണ്ടിരിക്കുന്ന രാഷ്ട്രീയ സ്ഥിതിയുടെ ആവശ്യങ്ങളെ നേരിടാൻ പാർട്ടിക്ക് വിവിധ ഇടക്കാല മുദ്രാവാക്യങ്ങൾ ആവിഷ്കരിക്കേണ്ടി വരും. ഇന്നത്തെ ഭരണാധികാരി വർഗങ്ങളെ മാറ്റി തൽസ്ഥാനത്ത് തൊഴിലാളി-കാർഷിക സഖ്യത്തിന്മേൽ പടുത്തുയർത്തിയ ഒരു പുതിയ ജനാധിപത്യ ഭരണകൂടവും ഗവൺമെന്റും സ്ഥാപിക്കുക എന്ന കടമ ജനങ്ങളുടെ മുമ്പിൽ ഉയർത്തി പിടിക്കുമ്പോൾ തന്നെ നിലവിലുള്ള പരിമിതികൾക്കകത്ത് നിന്ന് കൊണ്ട് ബദൽ നയങ്ങളും പരിപാടിയും നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമായ ഗവൺമെന്റുകളെ സ്ഥാപിക്കാൻ കിട്ടുന്ന എല്ലാ സന്ദർഭവും പാർട്ടി ഉപയോഗപ്പെടുത്തും..."

ജമാഅത്തെ ഇസ്‌ലാമിയുടെ യഥാർഥ മുഖം വേറെയാണെന്ന് പറയുന്ന പിണറായി വിജയന്റെ പാർട്ടിയുടെ യഥാർഥ മുഖം ഈ പരിപാടി വിശദീകരണത്തിൽ വ്യക്തമാണ്. ആരുടെ യഥാർഥ മുഖമാണ് വ്യക്തമാവാത്തതെന്ന് ഇത് വായിച്ചാൽ ബോധ്യമാവും. ഈ നാടിനെയും ജനതയെയും സംബന്ധിച്ച് ജീവൽപ്രശ്നങ്ങൾക്കും സമാധാനപരമായ സമ്പർക്കത്തിനും മുൻഗണന നൽകുന്ന ഒരു പോളിസി പ്രോഗ്രാം കൈയിലുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ മുഖമാണോ, സി.പി.എമ്മിന്റെ മുഖമാണോ വ്യക്തമാവേണ്ടതെന്ന് ഇനിയും ഒരുപാട് കപടമുഖങ്ങൾ തുറന്ന് കാട്ടി വിവരിക്കാനാവും.

ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയെ മാറ്റിമറിച്ച ശേഷം നിലവിൽ വരുമെന്ന് സങ്കൽപിക്കുന്ന ജനകീയ ജനാധിപത്യ സർക്കാറിന്റെ കടമകൾ എണ്ണിപ്പറയുന്ന പാർട്ടി പരിപാടിയിൽ 15-ാമത്തെ ഇനമായി മതസ്ഥാപനങ്ങളെ നിരോധിക്കും എന്ന് പറയുന്നുണ്ട്. '..... സർക്കാർ കാര്യങ്ങളിലും രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തിലും ഉള്ള മതസ്ഥാപനങ്ങളുടെ ഇടപെടൽ നിരോധിക്കും.....' എന്ന ഈ പ്രഖ്യാപനം പാർട്ടി പരിപാടിയിൽ നിലനിർത്തി കൊണ്ടാണ് പിണറായി വിജയൻ പാർട്ടി മതവിരുദ്ധമല്ല എന്ന് പുസ്തകമെഴുതി കളഞ്ഞത്. ഡ്യൂറിങ്ങിന്റെ മതനിരോധ സിദ്ധാന്തത്തെ എതിർത്ത എംഗൽസിനെ ഉദ്ധരിച്ച് കൊണ്ട് മതത്തെ നിരോധിക്കുക എന്നത് ഒരു ഘട്ടത്തിലും മാർക്സിസ്റ്റുകളുടെ നിലപാടായിരുന്നില്ല എന്ന് പിണറായി വിജയൻ എഴുതുന്നത് മതവിശ്വാസത്തിന് പാർട്ടി എതിരല്ലെന്ന് സ്ഥാപിക്കാൻ മാത്രം രചിച്ച ഒരു ഗ്രന്ഥത്തിലാണ് (മതം-മാധ്യമം-മാർക്സിസം). പക്ഷേ, രാഷ്ട്രീയ ജീവിതത്തിൽ ഇടപെടുന്ന മതസ്ഥാപനങ്ങളെ നിരോധിക്കണമെന്ന് പാർട്ടി പരിപാടിയിൽ എഴുതി വെച്ച ശേഷം സെക്രട്ടറി മറ്റൊരു വ്യാഖ്യാനം നൽകുന്നത് മുകളിൽ ഉദ്ധരിച്ച 'അടവുനയ'മാകുന്നു. ഇങ്ങനെ എല്ലാ കുതന്ത്രങ്ങളും അറിയാവുന്നവരാണ്, സമാധാനപരമായി ഇന്ത്യയിൽ ഇസ്‌ലാമിക പ്രബോധനം നിർവഹിക്കുന്ന ഒരു വിഭാഗത്തെ ദേശീയതക്ക് ഭീഷണിയായി ചിത്രീകരിക്കാൻ ഇപ്പോൾ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. ■